LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് ബോർഡിലെ വായ്പാ വിതരണ പദ്ധതി

26 [1436] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ വായ്പാ വിതരണത്തിനായി പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെങ്കിലും വായ്പാ വിതരണ പദ്ധതികൾ ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) ഹൗസിംഗ് ബോർഡ് ഇപ്പോൾ നടപ്പാക്കി വരുന്ന വായ്പാ വിതരണ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവന നിർമ്മാണ ബോർഡിന്റെ വായ്പാ വിതരണങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭിച്ചിരിക്കുകയായിരുന്നു. ഹഡ്കോയ്ക്കുള്ള തിരിച്ചടവിൽ മുടക്കം വരുത്തിയതിനാൽ ബോർഡിനുള്ള ഹഡ്കോയുടെ വായ്പാ സഹായം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ നിർത്തി വച്ചിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരും ബോർഡും ഹഡ്കോയുമായി ഉണ്ടാക്കിയ ധാരണാപത്രം വഴി സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ഹഡ്കോയുടെ വായ്പാ വിതരണം പുനഃസ്ഥാപിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഭരണ കാലത്ത് നിർത്തി വച്ചിരുന്ന മൈത്രി ഭവന പദ്ധതിയിലും മറ്റുമുള്ള വായ്പാ വിതരണം പുനഃരാരംഭിച്ചു. പുനഃരാരംഭിച്ച മൈത്രി ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണ ബോർഡ് 45 കോടി രൂപ ഇതിനകം ഗുണഭോക്താക്കൾക്ക് വായ്പാ ധനസഹായമായി ചെലവഴിക്കുകയും 27,935 വീടുകൾ പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ കഴിഞ്ഞ ഭരണത്തിൽ നിർത്തി വച്ചിരുന്ന താഴ്ന്ന, ഇടത്തരം, ഉയർന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന വായ്പാ പദ്ധതികളും ഈ സർക്കാർ പുനഃരാരംഭിച്ചു. ഇതുപ്രകാരം ഏകദേശം 10 കോടി രൂപയിലധികം ബോർഡ് ചെലവഴിക്കുകയുണ്ടായി.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ് മൈത്രി ഭവന പദ്ധതി. ഈ പദ്ധതിയിൽ നിർദ്ദിഷ്ട നിർമ്മാണം പൂർത്തിയാക്കി എന്നറിയിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് മുഴുവൻ ഇനി നൽകാനുള്ള വായ്പാ ഗഡുക്കൾ 2004 ആഗസ്റ്റ് 31-ന് മുമ്പ് നൽകി നിർമ്മാണം പൂർത്തിയാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഡി) മൈത്രീ ഭവന പദ്ധതി, എൽ.ഐ.ജി. (ലോവർ ഇൻകം ഗ്രൂപ്പ്), എം. ഐ.ജി. (മിഡിൽ ഇൻകം ഗ്രൂപ്പ്), എച്ച്.ഐ.ജി. (ഹയർ ഇൻകം ഗ്രൂപ്പ്), എം.എൽ.എ./എം.പി.-മാരുടെ ഭവന നിർമ്മാണ പദ്ധതി എന്നിവയിലെ ഗുണഭോക്താക്കൾക്കാണ് ഹൗസിംഗ് ബോർഡ് ഇപ്പോൾ നടപ്പാക്കി വരുന്ന വായ്പാ വിതരണ പദ്ധതികൾ.

ഹൗസിംഗ് ബോർഡിലെ തസ്തികകൾ

27 [1437] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ നിയമനം നടത്താതെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിൽ ഏതൊക്കെ തസ്തികകളിൽ എത്ര വീതം കോൺട്രാക്ട്/താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവരെ സ്ഥിരപ്പെടുത്താൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ കാരണം എന്താണെന്നും ഇത്തരം ശ്രമം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ സർക്കാർ അംഗീകാരമുള്ള 1032 തസ്തികകൾ ഉണ്ട്. അവയുടെ കാറ്റഗറി തിരിച്ചുള്ള വിവരവും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിവരവും അനുബന്ധം 'എ'-യിൽ ചേർത്തിട്ടുണ്ട്. †

(സി) 6-10-1995-ൽ കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് റഗുലേഷൻ 1995 നിലവിൽ വന്നെങ്കിലും ടി റഗുലേഷനെതിരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് ടി റഗുലേഷൻ സ്റ്റേ ചെയ്യപ്പെടുകയുണ്ടായി. തുടർന്ന് ബോർഡ് ആവിഷ്ക്കരിച്ച കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് റഗുലേഷൻ 1998 ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന് അംഗീകാരം ലഭിച്ചാൽ മാത്രമേ പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly